**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3430** **08-10-2025 - ൽ മറുപടിയ്ക്ക്**

**ശ്രീവാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ ഏറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ശ്രീവാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ ഏറ്റെടുക്കൽ പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | 04.06.2022-ലെ ജി.ഒ.(ആർ.ടി) 3392/2022/ പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ശ്രീ. വാസുദേവാശ്രമം ഹയർ സെക്കൻഡറി സ്കൂൾ 10.04.1967-ലെ ജി.ഒ.(കൈ)159/1967പൊ.വി.വ, 18.11.1970 -ലെ ജി.ഒ.(കൈ)479/1970/പൊ.വി.വ എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ച് സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിരുന്നു. തുടർ നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരികയാണ്. |
| (ബി) | ആഗസ്റ്റ്-6 ന് ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗത്തിന്റെ തീരുമാനമനുസരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത യോഗനടപടികളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | 06.08.2025- ൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ അടിയന്തരമായി നടപ്പിലാക്കി നടപടി റിപ്പോർട്ട് സമർപ്പിക്കുന്നതിന് മിനുട്സ് 21.08.2025 ലെ N1/180/2025 കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിരിക്കുകയാണ്. നടപടി കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ സ്കൂളിലെ പ്രധാന അദ്ധ്യാപിക (ഇൻ-ചാർജ്) യുടെ അംഗീകാരവുമായി ബന്ധപ്പെട്ട് L3/188/24 നമ്പർ ഫയൽ ഹിയറിംഗ് കഴിഞ്ഞ് മാസങ്ങളായിട്ടും തീരുമാനമാകാതെയിരിക്കുന്നത് ശ്രദ്ധസർക്കാർ യിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഫയൽ ഉത്തരവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. ശ്രീ.വാസുദേവ ആശ്രമം ഹയർസെക്കണ്ടറി സ്കൂൾ എല്ലാ നടപടി ക്രമങ്ങളും പാലിച്ച് പൂർണ്ണമായും സർക്കാരിൽ ഏറ്റെടുക്കുന്നതിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് പൊതുവിദ്യാഭ്യാസ ഡയറക്ടറാണ്. അപ്രകാരം ഏറ്റെടുത്ത ശേഷം മാത്രമേ ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | പ്രസ്തുത സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിലെ ഡി.ഡി.ഒ. കോഡ് മാറ്റുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും ഇതിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ? | (ഡി) | ലഭിച്ചിട്ടുണ്ട് . ഈ വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

**<u>സർക്കാർ ഏറ്റെടുത്ത വാസുദേവാശ്രമം സ്കൂളിന്റെ തുടർ പ്രവർത്തനം സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന് ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 06.08.2025- ൽ കൂടിയ യോഗത്തിന്റെ നടപടി കുറിപ്പ്</u>**

യോഗം 3.30 ന് ആരംഭിച്ചു

04.06.2022-ലെ ജി.ഒ.(ആർ.ടി) 3392/2022/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ നടുവത്തൂർ ശ്രീ. വാസുദേവാശ്രമം ഹയർ സെക്കൻഡറി സ്കൂൾ 10.04.1967-ലെ ജി.ഒ.(കൈ)159/1967/പൊ.വി.വ, 18.11.1970 -ലെ ജി.ഒ.(കൈ)479/1970/പൊ.വി.വ എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ച് സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിരുന്നു. ടി ഉത്തരവിലെ നിർദേശപ്രകാരം തുടർ നടപടികൾ പൂർത്തിയാകാത്തതുകൊണ്ടു ഹൈസ്കൂൾ വിഭാഗത്തിലെ അധ്യാപക അനധ്യാപക ജീവനക്കാരുടെ ശമ്പളം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ഉൾപ്പെടെ നിരവധിയായ പ്രശ്നങ്ങൾ നിലനിൽക്കുന്നതായി യോഗത്തിൽ പങ്കെടുത്ത ബഹു. പേരാമ്പ്ര M L A ശ്രീ. റ്റി. പി. രാമകൃഷ്ണൻ അറിയിക്കുകയുണ്ടായി.

ടി വിഷയവുമായി ബന്ധപ്പെട്ട് 08.11.2022, 25.11.2024 തീയതികളിൽ ബഹുമാനപ്പെട്ട M.L.A യുടെ അധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികളും ഉൾപ്പെടുന്ന യോഗം വിളിക്കുകയും പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പിലാക്കുവാൻ സ്കൂൾ അധികൃതരുടെ ഭാഗത്ത് നിന്നും യാതൊരു നടപടിയും ഉണ്ടാകുന്നില്ല എന്ന് സ്കൂളിലെ പൂർവ്വ വിദ്യാർത്ഥി കൂടിയായ ബഹു. പേരാമ്പ്ര M L A അറിയിക്കുകയുണ്ടായി. സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി നിലവിലുള്ള പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കേണ്ടതാണ് എന്ന് യോഗത്തിൽ വിദ്യാഭ്യാസ മന്ത്രി നിർദ്ദേശിക്കുകയുണ്ടായി.

<u>യോഗതീരുമാനങ്ങൾ</u>

1. സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ സൗകര്യങ്ങൾ സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ

പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി.

**2.** സ്കൂളിന്റെ അറ്റകുറ്റപണികൾ ഓണം വെക്കേഷനു മുൻപായി തീർത്ത് **fitness certificate** ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

**3. 2025** -ലെ ബഡ്ജറ്റിൽ കെട്ടിടം നിർമ്മിക്കുവാൻ അനുവദിച്ച **4** കോടി രൂപ ക്രമ പ്രകാരം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

**4.** അധ്യാപക/അനധ്യാപക ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

**5.** സ്കൂളിന്റെ ആസ്തി സർക്കാരിലേക്ക് മാറ്റുന്ന നടപടി അടിയന്തരമായി സ്വീകരിക്കേണ്ടതാണ് .

**6.** സ്കൂൾ സന്ദർശിച്ച് **RDD** റിപ്പോർട്ട് സമർപ്പിക്കുക.

**7.** ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുക.

**8.** സ്കൂൾ സർക്കാർ ഏറ്റെടുത്ത ശേഷം ഇതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് റിപ്പോർട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുക.

**9.** നിലവിൽ ജോലി ചെയ്യുന്ന അധ്യാപക അനധ്യാപക ജീവനക്കാരുടെ സേവനകാലത്തെ സംബന്ധിച്ചും തുടർ സർവ്വീസ് കണക്കാക്കുന്നത് സംബന്ധിച്ചും വ്യക്തത വരുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

യോഗം **4.30 PM-** ന് അവസാനിച്ചു.

## യോഗത്തിൽ പങ്കെടുത്തവർ

| Sl.No. | Name | Designation & Office |
|---|---|---|
| 1. | Sri. Shanavas. S. IAS | DGE |
| 2 | Sivadasan .K | DDE,KKD |
| 3 | R.S Shibu | ADPI(G) |
| 4 | Geetha .P | DEO, Vadakava |
| 5 | Rayith Kumar R | RDD Kozhikode |
| 6 | Dhanya R Kumar | DDE Education |
| 7 | Shammi Baker. A | JDT, ITD |
| 8 | Sreejayan .N | Building Engineer PWD |
| 9 | Shamith . P.M | Aexe PWD Koyilandy |
| 10 | T .E Babu | P T A President |
| 11 | Ajitha . C | H.M I/C SVAGHSS In Charge |
| 12 | Ambili. K. K | Principal -in Charge |